## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2685 — 17.06.2019-ൽ മറുപടിയ്ക്ക്.

# ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എം. രാജഗോപാലൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് ഈ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.<br>1. മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ<br>3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>4. ഹീഫർ പാർക്ക്<br>5. ക്ഷീരഗ്രാമം<br>6. ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ<br>7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>8. ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ<br>9. സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനീവത്കരണത്തിനും ശാക്തീകരണത്തിനും, ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കി ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വിലയും ഗുണനിലവാരമുള്ള സർവ്വീസും ലഭ്യമാക്കുന്നതിന് 2019-20 വർഷം 1550 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>(1) ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>(2) പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം<br>(3) ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണം<br>(4) ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക് |

(5) ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ധനസഹായം.
(6) ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം
(7) പാൽസംഭരണി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം.
(8) മികച്ച ക്ഷീരസംഘങ്ങൾക്കുള്ള ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ്
(9) ക്ഷീര സംഘങ്ങളുടെ ആട്ടോമേഷൻ
(10) ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ-സംസ്കരണം, ചില്ലിംഗ്, പുന:നിർമ്മാണം, ശീതീകരണ മുറി, കാറ്റിൽ ഫീഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം
(11) AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം
(12) സമഗ്ര സഹകരണ പ്രചരണ പരിപാടി
(13) ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജന (ETP) സൗരോർജ്ജ വിനിയോഗം, മഴവെള്ളസംഭരണി എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം.

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സംഘങ്ങളിൽ ക്ഷീരസംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നു. പ്രതിദിനം ശരാശരി 150 ലിറ്ററിൽ താഴെ പാൽ സംഭരിക്കുന്ന സംഘങ്ങൾക്കാണ് നിലവിൽ മാനേജീരിയൽ സബ്സിഡി നൽകുന്നത്.

പാലിന്റെ വിപണനത്തിന് കർഷകർ ബുദ്ധിമുട്ട് നേരിടുന്നതും നിലവിൽ ക്ഷീര സംഘങ്ങൾ ഇല്ലാത്തതുമായ പ്രദേശങ്ങളിൽ പുതിയ ക്ഷീരസംഘം രൂപീകരിക്കുന്നതിനും പ്രവർത്തന രഹിതമായ ക്ഷീരസംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും 61,500/- രൂപ മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നു.

ക്ഷീരസംഘങ്ങളുടെ ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി പ്രകാരം 1,20,000 രൂപ അനുവദിക്കുന്നു. ഈ പദ്ധതിയിലൂടെ സംഘത്തിന് ആവശ്യമുള്ള ഏതു വികസന പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

പാൽസംഭരണ മുറി/ഗോഡൗൺ എന്നിവയുടെ നിർമ്മാണത്തിനായി 3,75,000/- രൂപ ധനസഹായം അനുവദിക്കുന്നു.

ക്ഷീരസംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 5,25,000/- രൂപ ധനസഹായം അനുവദിക്കുന്നു.

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട ക്ഷീര സഹകരണ സംഘങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി 45,000/- രൂപ ധനസഹായം അനുവദിക്കുന്നു.

ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന്റെ ഗുണനിലവാര പരിശോധന കർശനമാക്കി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി എ.എം.സി യൂണിറ്റ്

സ്ഥാപിക്കുന്നതിന് 1,10,000/- രൂപ ധനസഹായം അനുവദിക്കുന്നു.

ഈ പ്രവർത്തനങ്ങളുടെ ഫലമായി ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണം 2018-19 ൽ പ്രതിദിനം ഏകദേശം 18.64 ലക്ഷം ലിറ്ററായി ഉയർന്നു. 2016-17 ൽ നിന്നും 14.6% വർദ്ധനവ് ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ ഉണ്ടായിട്ടുണ്ട്.

(സി) ക്ഷീരകർഷകർക്ക് ശരിയായ വില ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഗുണനിലവാരമനുസരിച്ച് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മിക്ക ക്ഷീരസംഘങ്ങളിലും AMC യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. AMC യൂണിറ്റുകൾ യൂണിഫൈഡ് സോഫ്റ്റ് വെയറിലൂടെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്.

(ഡി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എൻ.എ.ബി.എൽ. അക്രഡിറ്റേഷനോട് കൂടി സംസ്ഥാന ഡയറി ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരത്ത് NABL അക്രിഡിറ്റേഷനോടു കൂടിയ ലാബ് പ്രവർത്തിക്കുന്നുണ്ട്.

പ്രസ്തുത ലാബിൽ പാലിന്റേയും പാലുല്പന്നങ്ങളുടേയും ഭൗതിക, രാസ, അണു പരിശോധനകൾക്ക് പുറമേ കാലിത്തീറ്റ, വെള്ളം എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**